REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപ ചർച്ച നിയമസഭയിൽ ഇന്ന് ആരംഭിക്കും.**
- **ലോകത്തിന് കേരളം സമ്മാനിച്ച സ്ത്രീ ശാക്തീകരണത്തിന്റെ അതുല്യമാതൃകയാണ് കുടുംബശ്രീ എന്ന് മന്ത്രി MB രാജേഷ്**
- **അമേരിക്കയുടെ 47-ാമത് പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് അധികാരമേറ്റു.**
- **സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കവചം മുന്നറിയിപ്പ് സംവിധാനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് നാടിന് സമർപ്പിക്കും.**
- **ICC അണ്ടർ 19 വനിതാ ട്വന്റി20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും.**

## വാർത്തകൾ വിശദമായി

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപ ചർച്ച ഇന്ന് ആരംഭിക്കും. രണ്ട് ശ്രദ്ധ ക്ഷണിക്കൽ പ്രമേയങ്ങൾ സഭയിൽ അവതരിപ്പിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.........വോയ്സ്.........

ട്രെയിനുകളിലെ സ്ലീപ്പർ കോച്ചുകൾ വെട്ടിച്ചുരുക്കുന്നതു മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നത് സംബന്ധിച്ച് P. നന്ദകുമാർ, മന്ത്രി V അബ്ദുറഹിമാന്റെ ശ്രദ്ധ ക്ഷണിക്കും.

വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് സ്കൂൾ പാഠ്യപദ്ധതിയിൽ ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് അൻവർ സാദത്ത്, മന്ത്രി V ശിവൻകുട്ടിയുടെയും ശ്രദ്ധ ക്ഷണിക്കും.

UGC ഈ മാസം 6ന് പുറപ്പെടുവിച്ച കരട് മാനദണ്ഡങ്ങൾ പിൻവലിച്ച് പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി പിണറായി വിജയൻ സഭയിൽ ഇന്ന് അവതരിപ്പിക്കും.

✪✪✪

ലോകത്തിന് കേരളം സമ്മാനിച്ച സ്ത്രീ ശാക്തീകരണത്തിന്റെ അതുല്യമാതൃകയാണ് കുടുംബശ്രീ എന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. ചെങ്ങന്നൂർ മുൻസിപ്പൽ സ്റ്റേഡിയത്തിൽ 11-ാമത് കുടുംബശ്രീ ദേശീയ സരസ് മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കുടുംബശ്രീയുടെ വരവോടെ 46 ലക്ഷത്തോളം വനിതകളാണ് പൊതുരംഗത്തേക്ക് എത്തിയതെന്ന് അദ്ദേഹം പറഞ്ഞു. മന്ത്രി സജി ചെറിയാൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു. മന്ത്രി P പ്രസാദ് മുഖ്യ സന്ദേശം നൽകി. നടൻ മോഹൻലാൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു. അദ്ദേഹത്തിന് കലാസാംസ്കാരിക രംഗത്തെ സമഗ്ര സംഭാവനകൾ മുൻനിർത്തി ചെങ്ങന്നൂർ പെരുമ പുരസ്കാരം മന്ത്രി സജി ചെറിയാൻ സമർപ്പിച്ചു. ഈ മാസം 31 വരെയാണ് കുടുംബശ്രീ ദേശീയ സരസ് മേള.

✪✪✪

റേഷൻ വ്യാപാരികൾ ഈ മാസം 27 മുതൽ പ്രഖ്യാപിച്ച പണിമുടക്കിൽ നിന്ന് പിന്മാറണമെന്ന് മന്ത്രി GR അനിൽ അഭ്യർത്ഥിച്ചു. വ്യാപാരികൾ ഉന്നയിച്ച എല്ലാ വിഷയങ്ങളോടും അനുഭാവപൂർവമായ സമീപനമാണ് ഗവൺമെന്റിന്റേതെന്ന് റേഷൻ വ്യാപാരി സംഘടനാ നേതാക്കളുമായി തിരുവനന്തപുരത്ത് നടത്തിയ ചർച്ചയിൽ മന്ത്രി അറിയിച്ചു. കാർഡുടമകൾക്ക് നേരിട്ട് പണം നൽകുന്ന പദ്ധതി പൊതുവിതരണ സമ്പ്രദായത്തെ ദുർബലപ്പെടുത്തുമെന്നും ഇക്കാര്യത്തിലെ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കുമെന്നും മന്ത്രി സംഘടനാ നേതാക്കൾക്ക് ഉറപ്പ് നൽകി.

✪✪✪

കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനം രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് നാളെ ആറന്മുളയിൽ ഉദ്ഘാടനം ചെയ്യും. 'സുഗതോത്സവം' പരിപാടിയുടെ ഭാഗമായി കവിതാലാപനം, ഉപന്യാസ മത്സരം, വൃക്ഷത്തൈ നടീൽ തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

✪✪✪

റിപ്പബ്ലിക് ദിന പരേഡിനൊരുങ്ങി രാജ്യ തലസ്ഥാനം. ഇന്ത്യയുടെ സാംസ്കാരിക വൈവിദ്ധ്യവും സൈനിക ശക്തിയും പ്രകടമാക്കുന്ന പരേഡ്, ഭരണഘടനയുടെ 75-ാം വർഷത്തിനും ജൻ ഭാഗിദാരിക്കും പ്രത്യേക ഊന്നൽ നൽകുമെന്ന് രാജ്യരക്ഷാ സെക്രട്ടറി രാജേഷ് കുമാർ സിംഗ് ന്യൂഡൽഹിയിൽ അറിയിച്ചു. ഇന്തോനേഷ്യൻ പ്രസഡിന്റ് പ്രബോവോ സുബിയാന്തോ ആയിരിക്കും പരേഡിലെ മുഖ്യാതിഥി. ഇന്തോനേഷ്യയിലെ ബാന്റ് സംഘവും മാർച്ചിങ് സംഘവും കർത്തവ്യപഥിലെ പരേഡിൽ പങ്കെടുക്കും.

വിവിധ സംസ്ഥാനങ്ങളുടേയും മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും 31 നിശ്ചല ദൃശ്യങ്ങളും പരേഡിനെ വർണാഭമാക്കും. രാജ്യത്തിനും സമൂഹത്തിനും നൽകിയ സംഭാവനകൾ മുൻ നിർത്തി പതിനായിരത്തോളം പേരെ പ്രത്യേക അതിഥികളായി ക്ഷണിച്ചിട്ടുണ്ട്.

✪✪✪

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ 70 സീറ്റുകളിലേക്ക് 699 പേർ മത്സരംഗത്ത്. പത്രിക പിൻവലിക്കുന്ന സമയപരിധി ഇന്നലെ അവസാനിച്ചു. ന്യൂഡൽഹി നിയമസഭാ മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ - 23. പട്ടേൽ നഗറിൽ നിന്നാണ് ഏറ്റവും കുറവ് സ്ഥാനാർത്ഥികൾ - അഞ്ച് പേർ മാത്രം.

✪✪✪

അമേരിക്കയുടെ 47-ാമത് പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് അധികാരമേറ്റു. വാഷിങ്ടൺ DC യിലെ ക്യാപിറ്റോൾ മന്ദിരത്തിലെ റോട്ടൻഡ ഹാളിൽ ചീഫ് ജസ്റ്റിസ് ജോൺ റോബർട്സനാണ് ഇന്നലെ രാത്രി ട്രംപിന് സത്യവാചകം ചൊല്ലിക്കൊടുത്തത്. രാജ്യത്തിന്റെ 50-ാം വൈസ് പ്രസിഡന്റായി JD വാൻസും സത്യപ്രതിജ്ഞ ചെയ്തു.

അമേരിക്കയിലെ വിലക്കയറ്റം തടയുന്നതിന് അധികാരമേറ്റയുടൻ ട്രംപ് ഊർജ്ജ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു ഈ നടപടി. വിലക്കയറ്റം തടയാൻ വിപുലമായ അധികാരങ്ങൾ പ്രയോഗിക്കുന്നതിന് ക്യാബിനറ്റിന് നിർദേശം നൽകുമെന്നും

അമേരിക്കയുടെ സുവർണ്ണകാലം ആരംഭിച്ചുവെന്നും ട്രംപ് അവകാശപ്പെട്ടു. അമേരിക്കയെ ലോകത്തെ ഒന്നാം ശക്തിയാക്കുന്നതിന് പ്രതിജ്ഞ ചെയ്യുന്നതായി ട്രംപ് പറഞ്ഞു. സത്യപ്രതിജ്ഞ ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു വിദേശകാര്യമന്ത്രി ഡോക്ടർ S. ജയശങ്കർ പങ്കെടുത്തു.

അമേരിക്കയുടെ 47ാം പ്രസിഡന്റായി അധികാരമേറ്റ ഡൊണാൾഡ് ട്രംപിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. അമേരിക്കയുടെയും ഇന്ത്യയുടെയും നന്മയ്ക്കായും ലോകത്തിന്റെ ഭാവിക്കായും വീണ്ടും അടുത്തു പ്രവർത്തിക്കാൻ കഴിയുന്നതിൽ സന്തോഷമുണ്ടെന്നും നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു .

✪✪✪

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കവചം മുന്നറിയിപ്പ് സംവിധാനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് നാടിന് സമർപ്പിക്കും.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്..........

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ തിരുവനന്തപുരം കാര്യാലയത്തിലാണ് കവചം മുന്നറിയിപ്പ് സംവിധാനത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം. ചടങ്ങിൽ മന്ത്രി K. രാജൻ അദ്ധ്യക്ഷനായിരിക്കും. മന്ത്രി P പ്രസാദും, ജനപ്രതിനിധികളും, വകുപ്പ് സെക്രട്ടറിമാരും, ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങളും പരിപാടിയിൽ പങ്കെടുക്കും.

കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച 91 സൈറണുകൾ ഉദ്ഘാടനത്തോട് അനുബന്ധിച്ച് പ്രവർത്തിപ്പിക്കും. 14 ജില്ലകളിലായി സ്കൂളുകൾ, പൊതുകെട്ടിടങ്ങൾ എന്നിവയിലാണ് സൈറണുകൾ സ്ഥാപിച്ചിരിക്കുന്നത്.

✪✪✪

UDF സംസ്ഥാന കമ്മിറ്റിയുടെ മലയോര സമര പ്രചരണ യാത്ര ഈ മാസം 25ന് കണ്ണൂർ കരുവഞ്ചാലിൽ നിന്ന് ആരംഭിക്കും. പ്രതിപക്ഷനേതാവ് VD സതീശനാണ് യാത്ര നയിക്കുന്നത്. വന്യമൃഗ ആക്രമണങ്ങളിൽ നിന്ന് മലയോര കർഷകരെയും ജനങ്ങളെയും രക്ഷിക്കണമെന്നും, കാർഷിക മേഖലയിലെ തകർച്ചയ്ക്ക് പരിഹാരം ഉണ്ടാക്കണമെന്നും, ബഫർ സോൺ വിഷയത്തിൽ കേന്ദ്ര ഇടപെടൽ ആവശ്യപ്പെട്ടുമാണ് യാത്ര സംഘടിപ്പിക്കുന്നത്.

AICC ജനറൽ സെക്രട്ടറി KC. വേണുഗോപാൽ യാത്ര ഉദ്ഘാടനം ചെയ്യും.

✪✪✪

ICC അണ്ടർ 19 വനിതാ ട്വന്റി20 ക്രിക്കറ്റ് മാച്ചിൽ നിലവിൽ ചാമ്പ്യന്മാരായ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും. കോലാലംപൂരിൽ ഉച്ചയ്ക്ക് മത്സരം ആരംഭിക്കും. മറ്റൊരു മത്സരത്തിൽ വെസ്റ്റ് ഇൻഡീസ് ശ്രീലങ്കയെ നേരിടും.

✪✪✪

ഈ മാസം 28 ന് ഉത്തരാഖണ്ഡിൽ ആരംഭിക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ കേരളം 29 കായിക ഇനങ്ങളിൽ പങ്കെടുക്കും. 451 താരങ്ങളാണ് സംസ്ഥാനത്ത് നിന്ന് ഗെയിംസിൽ സംബന്ധിക്കുന്നത്. പരിശീലന ക്യാമ്പുകളുടെ ഒന്നാം ഘട്ടം പൂർത്തിയായതായി കേരള സ്പോർട്സ് കൗൺസിൽ അറിയിച്ചു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ FC, ATK മോഹൻ ബഗാനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ചെന്നൈയിലാണ് മത്സരം.

✪✪✪

നാളെ സംസ്ഥാനത്തെ ഒരു വിഭാഗം ഗവൺമെന്റ് ജീവനക്കാരും അധ്യാപകരും നടത്തുമെന്ന് അറിയിച്ച സൂചനാപണിമുടക്കിന് ഗവൺമെന്റ് ഡയസ്നോൺ പ്രഖ്യാപിച്ചു. ഒരു ദിവസത്തെ വേതനം ഫെബ്രുവരിയിലെ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്യും. ഇതു സംബന്ധിച്ച് പൊതുഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിപ്പിച്ചു.

✪✪✪

സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കാനും മനുഷ്യജീവനുകൾ നഷ്ടപ്പെടുന്നത് അവസാനിപ്പിക്കാനും സുപ്രധാന നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവ് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജൂനാഥ് ചീഫ് സെക്രട്ടറിക്ക് അയച്ചു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ മൂന്നു മാസത്തിനകം ചീഫ് സെക്രട്ടറി രേഖാമൂലം സമർപ്പിക്കണമെന്ന് ജുഡീഷ്യൽ അംഗം K. ബൈജൂനാഥ് ആവശ്യപ്പെട്ടു. കോഴിക്കോട് നഗരത്തിലെ ഗതാഗത നിയമലംഘനങ്ങളെ കുറിച്ച് വന്ന മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തത്.

✪✪✪

വികസനപ്രവർത്തനങ്ങൾ ഗിരിവർഗമേഖകളിൽ ഉൾപ്പെടെ എല്ലായിടത്തും എത്തുമ്പോൾ മാത്രമേ രാജ്യം യഥാർത്ഥ പുരോഗതി കൈവരിക്കൂവെന്ന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. നെഹ്റു യുവകേന്ദ്ര കാക്കനാട്ട് സംഘടിപ്പിച്ച 16-ാമത് ആദിവാസി യുവജന

സാസ്കാരിക പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ.

✪✪✪

വിവരാവകാശ നിയമം ദുരുപയോഗം ചെയ്യുന്ന അപേക്ഷകരെ കരിമ്പട്ടികയിൽ പെടുത്തുമെന്ന് സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ. A.അബ്ദുൽ ഹക്കിം പറഞ്ഞു. തൊടുപുഴയിലെ സിറ്റിങ്ങിൽ നേരിട്ട് പങ്കെടുക്കാതിരുന്ന ദേവികുളം സബ് കളക്ടർ, ഇടുക്കി കലക്ടറേറ്റിലെ ഭൂപരിഷ്കരണ ഡപ്യൂട്ടി കലക്ടർ, പീരുമേട് തഹസിൽദാർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു. ഇതിന് മുന്നോടിയായി അവർക്ക് സമൻസ് അയക്കും. ഫെബ്രുവരി 5ന് ഇവർ തിരുവനന്തപുരത്തെത്തി കമ്മിഷനെ നേരിൽ കാണണമെന്നാണ് നിർദേശം.

✪✪✪

കണ്ണൂർ കല്ല്യാട്ടെ നീലിക്കുളം പ്രദേശത്തെ അനധികൃത ചെങ്കല്ല് ഖനനം നിർത്തിവെക്കാൻ കണ്ണൂർ ജില്ലാ കലക്ടർ നിർദേശം നൽകി. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദേശം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

.......വോയ്സ്..........

പ്രദേശത്തെ അനധികൃത ചെങ്കല്ല് ഖനനവുമായി ബന്ധപ്പെട്ട് കല്ല്യാട് സ്വദേശി ഫയൽ ചെയ്ത കേസിൽ, ഹൈക്കോടതിയുടെ അന്തിമ വിധി വരും വരെയാണ് നടപടി. കേസിൽ അഡ്വക്കറ്റ് കമ്മീഷണറുടെ റിപ്പോർട്ടിൻമേൽ ഹൈക്കോടതി ജില്ലാ കലക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

ചെങ്കല്ല് ഖനനം നടക്കുന്ന പ്രദേശങ്ങളിൽ നിരന്തര പരിശോധനക്കും അനധികൃത ഖനനത്തിനെതിരെ നടപടി സ്വീകരിക്കുന്നതിനും തലശ്ശേരി സബ് കലക്ടറുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിക്കും. സ്ഥലത്ത് ഉടൻ സംയുക്ത പരിശോധന നടത്താൻ കലക്ടർ നിർദേശിച്ചു. സ്ഥലപരിശോധനയിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും കലക്ടർ നിർദേശിച്ചു. കല്ല്യാട് വില്ലേജിലെ അനധികൃത ഖനനം നടത്തുന്ന ആകെ സ്ഥലത്തിന്റെ വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കാൻ ജിയോളജിസ്റ്റിനോട് കലക്ടർ നിർദേശിച്ചു.

✪✪✪

പത്തനംതിട്ടയിൽ പട്ടികജാതിക്കാരിയായ പെൺകുട്ടിയെ തുടർച്ചയായി പീഡിപ്പിച്ച സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് നടപടി.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Readers: രജ്ന കെ ആസാദ്*
*DEO: സി കെ സുബോധ്*